

മൂന്നാർ കൈയേറ്റത്തിൽ എല്ലാ സർക്കാരുകൾക്കും പങ്ക്: എം.എം.മണി

ന്യൂഡൽഹി: മൂന്നാറിലെ കൈയേറ്റത്തിൽ ഏറിയും കുറഞ്ഞും എല്ലാ സർക്കാരുകൾക്കും പങ്കുണ്ടെന്ന് മന്ത്രി എം.എം. മണി പറഞ്ഞു. വളരെ വർഷങ്ങൾക്ക് മുൻപ് കുടിയേറിപ്പാർത്തവരുണ്ട്. അന്ന് കൈയേറ്റമുണ്ടായപ്പോൾ പാർട്ടി എതിർത്തില്ല. അന്നങ്ങനെ ചെയ്യണമെന്ന് തോന്നിയില്ലെന്നും മന്ത്രി പറഞ്ഞു. അൻപതും അറുപതുമായി വർഷമായി താമസിക്കുന്നവരാണ്. അവരോട് പെട്ടെന്ന് ഒരുദിവസം ഇറങ്ങിപ്പോകാൻ പറയാനാവില്ല. രാജഭരണകാലം മുതൽക്കുള്ളതാണ് കൈയേറ്റം. പട്ടം താണുപിള്ളയുടെ സർക്കാർ കാലത്ത് ആളുകളെ പ്രോത്സിപ്പിച്ചുകൊണ്ടുവന്ന് താമസിപ്പിച്ചിട്ടുണ്ട്. കാലം മാറിയപ്പോഴല്ലേ റിസോർട്ടുകൾ വന്നത്. യാഥാർത്ഥ്യം മനസിലാക്കാതെ കൈയേറ്റം എന്ന് പറഞ്ഞിട്ട് കാര്യമില്ല. എന്നാൽ, മൂന്നാറിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു.

ഡിഫൻസ് പി.ആർ.ഒയ്ക്കെതിരെ നടപടി വന്നേക്കും

തിരുവനന്തപുരം: സർവീസ് ചട്ടങ്ങൾ ലംഘിച്ച് ചാനൽ ചർച്ചകളിൽ പങ്കെടുത്തതിന് ഡിഫൻസ് പി.ആർ.ഒയും പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഉദ്യോഗസ്ഥയുമായ ധന്യാ സനലിനെതിരെ നടപടി വന്നേക്കും. ചുഴലിക്കാറ്റ് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നാവിക, വ്യോമ, തീരസംരക്ഷണ സേനാ വിഭാഗങ്ങൾ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടും അവ പൊതുജനങ്ങളിലെത്തിക്കുന്നതിൽ പി.ആർ.ഒ ദയനീയമായി പരാജയപ്പെട്ടതായും ആരോപണമുണ്ട്. ഡിഫൻസ് പി.ആർ.ഒ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ സേനയ്ക്ക് നല്ല പ്രതിച്ഛായ ലഭിച്ചേനെ എന്നാണ് പൊതുവേയുള്ള വിലയിരുത്തൽ. വാർത്താവിതരണപ്രക്ഷേപണ മന്ത്രിക്കും രാജ്യരക്ഷാമന്ത്രിക്കും ഇവർക്കെതിരെ വ്യാപകമായി പരാതി ലഭിച്ചിട്ടുണ്ട്.

പ്രതിരോധ മന്ത്രി നിർമലാ സീതാരാമൻ ദുരിതാശ്വാസ പ്രവർത്തനം നിരീക്ഷിക്കാനെത്തിയപ്പോൾ സർക്കാർ ഉദ്യോഗസ്ഥ എന്നതു പരിഗണിക്കാതെ മന്ത്രിനിൽക്കുമ്പോൾ സെൽഫി എടുത്തു എന്നും ആരോപണമുണ്ട്. രക്ഷാപ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന സേനാംഗങ്ങളുമായി കേന്ദ്രമന്ത്രി ഗ്രൂപ്പ് ഫോട്ടോയ്ക്ക് പോസ് ചെയ്തപ്പോൾ ഇവർ അതിനിടയ്ക്ക് കയറി നിന്നതോടെ ഈ ഫോട്ടോയും മാദ്ധ്യമങ്ങൾക്ക് നഷ്ടമായി. സാധാരണ ഗതിയിൽ മാദ്ധ്യമങ്ങൾക്ക് സഹായമാവേണ്ടതാണ് ഡിഫൻസ് പി.ആർ.ഒ. എന്നാൽ ശല്യമാകാനാണ് ഇവർ നിരന്തരം ശ്രമിച്ചതെന്നാണ് മാദ്ധ്യമ പ്രവർത്തകർ പറയുന്നത്.

13ന് സി.ഐ.ടി.യു പ്രതിഷേധദിനം

തിരുവനന്തപുരം: അവശ്യവസ്തുക്കളുടെ വിലക്കയറ്റത്തിനെതിരെ 13ന് പ്രതിഷേധദിനം ആചരിക്കാൻ സി. ഐ.ടി.യു ആഹ്വാനം ചെയ്തു. എല്ലാ ജില്ലാകേന്ദ്രങ്ങളിലും തൊഴിലാളികൾ പ്രകടനം നടത്തും. രാജ്യത്തെ പൊതുവിതരണം താറുമാറാക്കിയ നവ ഉദാരവത്കരണമാണ് വിലക്കയറ്റം സൃഷ്ടിക്കുന്നത്. വൻകിട കോർപറേറ്റുകൾ നടത്തുന്ന കൊള്ളയ്ക്ക് കേന്ദ്രസർക്കാർ കൂട്ടുനിൽക്കുകയാണെന്നും സി. ഐ. ടി. യു സംസ്ഥാന സെക്രട്ടേറിയറ്റ് വാർത്താകുറിപ്പിൽ ആരോപിച്ചു.

ഡോ. വർഗീസ് കുര്യന് ഭാരതരത്ന നൽകണം: മുഖ്യമന്ത്രി

തിരുവനന്തപുരം: ഇന്ത്യൻ ധവളവിപ്ലവത്തിന്റെ ശില്പി ഡോ. വർഗീസ് കുര്യനെ രാജ്യത്തിന്റെ പരമോന്നത ബഹുമതിയായ ഭാരതരത്നയ്ക്ക് നിർദ്ദേശിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് അഭ്യർത്ഥിച്ചു. പാൽ ഉത്പാദനത്തിൽ ഇന്ത്യയെ ലോകരാഷ്ട്രങ്ങളുടെ മുന്നിലെത്തിക്കുകയും ദശലക്ഷക്കണക്കിന് ക്ഷീരോത്പാദകർക്ക് നല്ല ജീവിതം ഉണ്ടാവാൻ സഹായിക്കുകയും ചെയ്ത ഡോ. കുര്യൻ ഈ ബഹുമതിക്ക് അർഹനാണ്.

തീരത്തും പുറംകടലിലും ശക്തമായ കാറ്റിന് സാദ്ധ്യത

തിരുവനന്തപുരം: ഓഖി ചുഴലിക്കൊടുങ്കാറ്റ് ഗുജറാത്ത് തീരത്തൊടുങ്ങിയെങ്കിലും കാറ്റും തിരയിളക്കവും അവസാനിക്കുന്നില്ല . കേരളത്തിന്റെ പടിഞ്ഞാറൻ തീരത്തും പുറങ്കടലിലും ഇന്ന് ശക്തമായ കാറ്റടിച്ചേക്കും . ഉത്തരമേഖലയിൽ നിന്ന് മണിക്കൂറിൽ 55 കിലോമീറ്റർവരെ വേഗത്തിൽ കാറ്റുവീശും . തിരകളുയരും . ലക്ഷദ്വീപിലും കാറ്റിന്റെ ശല്യമുണ്ടാകും. മത്സ്യത്തൊഴിലാളികൾ കടലിൽ നിന്ന് പൂണമായും വിട്ടുനിൽക്കണമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു .

ലോക്അദാലത്ത് പ്രയോജനപ്പെടുത്തണം: ഗവർണർ

തിരുവനന്തപുരം: ഏറെക്കാലമായി തീർപ്പാകാതെ കിടക്കുന്ന തർക്കങ്ങൾക്ക് പരിഹാരം കാണാൻ ഒമ്പതിന് സംസ്ഥാനത്തെ എല്ലാ കോടതികളിലും നടത്തുന്ന ലോക് അദാലത്തിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് ഗവർണർ പി. സദാശിവം അഭ്യർത്ഥിച്ചു. കോടതിവ്യവഹാരങ്ങൾക്ക്പുറമേ, മോട്ടോർ വാഹന അപകട ക്ലെയിം, റവന്യൂ, ആദായനികുതി, വില്പന നികുതി കേസുകൾ, വൈദ്യുതി, ജലവിതരണം (മോഷണകേസ് ഒഴികെ) , ശമ്പളവും പെൻഷനുമുൾപ്പെടെയുള്ള സർവീസ്കേസുകൾ, അതിർത്തി തർക്കങ്ങൾ , ബാങ്കിംഗ്, ഇൻഷ്വറൻസ്, സ്ഥലത്തിന്റെ നഷ്ടപരിഹാരം, തൊഴിൽത്തർക്കം, പിന്തുടർച്ചാവകാശത്തർക്കം തുടങ്ങിയവയ്ക്ക് ലോക് അദാലത്തിൽ പരിഹാരമുണ്ടാക്കുമെന്ന് ഗവർണർ അറിയിച്ചു.

ഇനി സജി ബഷീർ ഇറങ്ങിക്കോട്ടേ...

കെ.പി.കൈലാസ്‌നാഥ്

തിരുവനന്തപുരം: അഴിമതിക്കേസുകളിൽ അന്വേഷണം നേരിടുന്ന കെ.എസ്.ഐ.ഇ മുൻ എം.ഡി സജി ബഷീർ ഒരു സ്ഥാപനത്തിലും നിയമനം നേടാൻ അർഹനല്ലെന്ന് കാണിച്ച് സംസ്ഥാന സർക്കാർ ഉത്തരവായി.

തനിക്ക് നിയമനം നൽകണമെന്നാവശ്യപ്പെട്ട് സജി ബഷീർ ഹൈക്കോടതിയെ സമീപിച്ചിരുന്നു.

സജി ബഷീർ അവകാശപ്പെടുന്നതുപോലെ അദ്ദേഹം സി-ആപ്റ്റിലെ (പഴയ കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആൻഡ് റിപ്രോഗ്രാഫിക് സെന്റർ) സ്ഥിരം ജീവനക്കാരനാണെങ്കിൽ ഇപ്പോൾ ഏതെങ്കിലും സ്ഥാപനത്തിൽ നിയമനം നൽകണമെന്നും ഇനി അഥവാ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ നടപടിയെടുക്കണമെന്നുമായിരുന്നു ജസ്റ്റിസ് പി.വി. ആശയുടെ ഉത്തരവ്.

സജി ബഷീറിന്റെ വാദം

സജി ബഷീർ

റിപ്രോഗ്രാഫിക് സെന്റർ എം.ഡിയും സ്ഥിരം ജീവനക്കാരനും ആയിരിക്കേ 2007ൽ ഡെപ്യൂട്ടേഷനിൽ സിഡ്കോ എം.ഡി ആയി. പിന്നീട് കെ.എസ്.ഐ.ഇ എം.ഡി ആയി. പുതിയ സർക്കാർ വന്ന ഉടൻ 2016 ജൂൺ 3ന് കെ.എസ്.ഐ.ഇ എം.ഡി പദവിയിൽ നിന്ന് നീക്കം ചെയ്തു. തനിക്ക് പകരം ചുമതല തന്നില്ല. റിപ്രോഗ്രാഫിക് സെന്ററിലെ സ്ഥിരം ജീവനക്കാരനായതിനാൽ എവിടെയെങ്കിലും നിയമനം തരണം.

ഫയലുകൾ കാണാതായി

അതേസമയം ധനവകുപ്പിന്റെ അനുവാദമില്ലാതെ സജി ബഷീറിനെ സിഡ്കോ എം.ഡിയായി സ്ഥിര നിയമനം നടത്തിയതായി ഒരു സർക്കാർ ഉത്തരവുണ്ട്. എന്നാൽ ഇതു സംബന്ധിച്ച മറ്റ് വകുപ്പുകളിലൊന്നും ഒരു ഫയലുമില്ല. വ്യവസായ വകുപ്പിലും ഈ ഫയൽ ഇപ്പോൾ കാണാനില്ല.

സർക്കാർ പറയുന്നത്

സജി ബഷീറിനെ കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആൻഡ് റിപ്രോഗ്രാഫിക് സെന്റർ എം.ഡി ആയാണ് ആദ്യം നിയമിക്കുന്നത്. പ്രൊബേഷൻ കാലയളവിൽ സിഡ്കോയിൽ എം.ഡി ആയി നിയമിക്കപ്പെട്ടു.

2011 ഫെബ്രുവരി 24ന് റിപ്രോഗ്രാഫിക് സെന്ററിൽ നിന്ന് നീക്കം ചെയ്തു. അതോടെ ഒരു സ്ഥാപനത്തിലും സ്ഥിരം ജീവനക്കാരനല്ലാതായി. സിഡ്കോയിൽ നിരവധി ആരോപണങ്ങൾ നേരിട്ടു. സർക്കാരിന് 5.47 കോടി രൂപയുടെ നഷ്ടം ഉണ്ടാക്കിയെന്നും അത് സജി ബഷീറിൽ നിന്ന് ഈടാക്കണമെന്നും സി.എ.ജിയുടെ കുറ്റപ്പെടുത്തലുണ്ട്. മേനംകുളം ടെലികോം സിറ്റി ഇടപാടിലും ഒലവക്കോട് സിഡ്കോ വ്യവസായ കേന്ദ്രത്തിൽ ഷെഡ് വാടക സംബന്ധിച്ച കേസിലും വിജിലൻസ് അന്വേഷണം നടക്കുന്നു.

കെ. എസ്. ഐ. ഇയിൽ നിയമിച്ചത് അതിന്റെ ആർട്ടിക്കിൾ ഒഫ് അസോസിയേഷൻ പ്രകാരമാണ്. ഇപ്പോൾ സർക്കാർ നീക്കം ചെയ്തു. ഒരു സ്ഥാപനത്തിലും സ്ഥിരം ജീവനക്കാരനല്ല.

പടയൊരുക്കം സമാപനം 14ന്

■രാഹുൽ പങ്കെടുക്കും

തിരുവനന്തപുരം: പ്രതികൂല കാലാവസ്ഥ കാരണം മാറ്റിവച്ച യു. ഡി. എഫിന്റെ 'പടയൊരുക്കം' യാത്രയുടെ സമാപനത്തോടനുബന്ധിച്ചുള്ള പൊതുസമ്മേളനം 14ന് വൈകിട്ട് 5ന് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കും. കോൺഗ്രസ് ഉപാദ്ധ്യക്ഷൻ രാഹുൽഗാന്ധി സമ്മേളനം ഉദ്ഘാടനം ചെയ്യും.

അന്ന് രാവിലെ പത്തിന് തിരുവനന്തപുരത്തെത്തുന്ന രാഹുൽ ഗാന്ധി ചുഴലിക്കാറ്റിൽ നാശം വിതച്ച പൂന്തുറ, വിഴിഞ്ഞം പ്രദേശങ്ങൾ സന്ദർശിക്കും.

തുടർന്ന് തലസ്ഥാനത്ത് നടക്കുന്ന ബേബിജോൺ ജന്മശതാബ്ദി ആഘോഷച്ചടങ്ങിലും പങ്കെടുക്കും. പടയൊരുക്കം യാത്ര വൻ വിജയമായിരുന്നെന്ന് യു.ഡി.എഫ് യോഗം വിലയിരുത്തിയതായി പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല വാർത്താസമ്മേളനത്തിൽ പറഞ്ഞു. യു.ഡി.എഫും കോൺഗ്രസും ഒറ്റക്കെട്ടായി പ്രവർത്തിച്ചതാണ് വിജയത്തിന് ആധാരം. ഇതിന് എല്ലാ പ്രവർത്തകരെയും അഭിവാദ്യം ചെയ്യുന്നു. യു.ഡി.എഫിന് കൂടുതൽ ആത്മവിശ്വാസം കൈവരിക്കാൻ കഴിഞ്ഞു.

മുന്നണിക്കുള്ളിലെ കെട്ടുറപ്പ് വർദ്ധിച്ചു. വിവാദങ്ങളാണ് സി.പി.എം, ബി.ജെ.പി യാത്രകൾ ശ്രദ്ധിക്കപ്പെടാൻ കാരണമെങ്കിൽ വൻജനപങ്കാളിത്തമാണ് പടയൊരുക്കത്തെ ശ്രദ്ധേയമാക്കിയത്.

കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധനയങ്ങൾക്കെതിരെ സംഘടിപ്പിച്ച യാത്രയിൽ 1.08 കോടി ഒപ്പുകൾ സമാഹരിച്ചെന്നും ചെന്നിത്തല പറഞ്ഞു.

മൂന്നാർ കൈയേറ്റം

സർക്കാരിന് ഇച്ഛാശക്തിയില്ലെന്ന് ഹരിത ട്രൈബ്യൂണലിൽ സി.പി.ഐ

■ ഹർജിയിൽ സർക്കാരിന് നോട്ടീസ്

സ്വന്തം ലേഖകൻ

ഇടുക്കി: മൂന്നാർ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് സി.പി.ഐ ദേശീയ ഹരിത ട്രൈബ്യൂണലിനെ സമീപിച്ചു. ഇടുക്കി ജില്ലയുടെ ചുമതല വഹിക്കുന്ന സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടിവ് അംഗം പി. പ്രസാദിന്റെ ഹർജിയിൽ സർക്കാരിന് നോട്ടീസ് നൽകി. രണ്ടാഴ്ചയ്ക്കകം മറുപടി നൽകാനാണ് നിർദ്ദേശം. അടുത്ത മാസം 12ന് കേസ് ട്രൈബ്യൂണൽ പരിഗണിക്കും.

കേന്ദ്ര, സംസ്ഥാന സർക്കാരുകളെ എതിർ കക്ഷിയാക്കിയാണ് ഹർജി. മൂന്നാറിൽ കൈയേറ്റം വ്യാപകമാണെന്നും രാഷ്ട്രീയ സ്വാധീനമുള്ള ഉന്നതരാണ് ഇതിന് പിന്നിലെന്നും ഹർജിയിൽ പറയുന്നു. നടപടിയെടുക്കുന്ന ഉദ്യോഗസ്ഥരെ മോശക്കാരാക്കി സ്ഥലം മാറ്റുന്നു. പ്രശ്നപരിഹാരത്തിനായി സംസ്ഥാന സർക്കാരിന് രാഷ്ട്രീയ ഇച്ഛാശക്തിയില്ലെന്ന് ഹർജിയിൽ വ്യക്തമാക്കുന്നു.

പരിസ്ഥിതി നാശം ഉണ്ടാക്കുന്ന മൂന്നാറിലെ യൂക്കാലിപ്റ്റസ് തോട്ടങ്ങൾ വെട്ടിമാറ്റാൻ നടപടിയെടുക്കണം, കൊട്ടക്കമ്പൂർ മേഖലയിലെ അനധികൃത കെട്ടിടങ്ങൾ പൊളിച്ചുമാറ്റണം, കുറിഞ്ഞി ഉദ്യാനം സംരക്ഷിക്കണം തുടങ്ങിയ ആവശ്യങ്ങളും ഹർജിയിലുണ്ട്. ഹരിത ട്രൈബ്യൂണൽ നേരത്തേ സ്വമേധയാ എടുത്ത കേസിൽ അഡിഷണൽ അഡ്വക്കേറ്റ് ജനറൽ ഹാജരാകാൻ പാടില്ലെന്ന് എ.ജിയുടെ ഭാഗത്ത് നിന്ന് നിർദ്ദേശമുണ്ടായിരുന്നു. ഇതിനെ സി.പി.ഐ ഭരിക്കുന്ന റവന്യൂ വകുപ്പ് എതിർത്തിരുന്നു.

തുടർന്ന് സി.പി.എം പോഷകസംഘടനയായ കർഷകസംഘം കേസിൽ സ്വന്തം നിലയിൽ അഭിഭാഷകനെ വച്ചു. തുടർന്നാണ് സി.പി.ഐ ഹരിത ട്രൈബ്യൂണലിന് മറ്റൊരു ഹർജി നൽകിയത്.

ഗുഡ്ഹാൻഡ് : മൂന്നാർ സംരക്ഷിക്കണമെന്ന് അവശ്യപ്പെട്ട് ദേശീയ ഹരിതട്രൈബ്യൂണലിനു പരാതി നൽകിയതിന് ശേഷം സി.പി ഐ നേതാവ് പി. പ്രസാദ് ജോയ്സ് ജോർജ് എം. പിയുമായി സി. പി.ഐ ഇടുക്കി ജില്ലാ കമ്മിറ്റി ഓഫീസ് ഉദ്ഘാടനത്തിന് കണ്ടുമുട്ടിയപ്പോൾ ഹസ്തദാനം നൽകുന്നു. സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ നടുവിൽ. ഫോട്ടോ:ബാബു സൂര്യ

ഹർജിയിലെ പ്രധാന ആവശ്യങ്ങൾ

- ■ പരിസ്ഥിതി ദുർബല മേഖല നിലനിറുത്തണം
- ■ വനം-പരിസ്ഥിതി നിയമങ്ങൾ നടപ്പാക്കാൻ ഉത്തരവിടണം
- ■ മൂന്നാറിലെ അനധികൃത കെട്ടിടങ്ങൾ പൊളിച്ചു നീക്കാൻ നിർദ്ദേശം നൽകണം
- ■ പാർക്കുകളും സാങ്ച്വറികളും വനവും സംരക്ഷിക്കാൻ വിജ്ഞാപനം ഇറക്കാൻ കേന്ദ്രസർക്കാരിന് നിർദ്ദേശം നൽകണം

മൂന്നാർ

പാർട്ടി തീരുമാനപ്രകാരം: പി. പ്രസാദ്

മൂന്നാർ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി പാർട്ടി തീരുമാനപ്രകാരമാണെന്ന് സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടിവ് അംഗം പി. പ്രസാദ്. ഹരിത ട്രൈബ്യൂണൽ പരിഗണിക്കുന്ന കേസിൽ കക്ഷി ചേരുകയാണ് ലക്ഷ്യം.

നേരിട്ട് പരാതി നൽകിയില്ല: കാനം

ഹരിത ട്രൈബ്യൂണലിൽ പി. പ്രസാദ് നേരിട്ട് പരാതി നൽകിയിട്ടില്ലെന്നും ഹരിത ട്രൈബ്യൂണൽ സ്വമേധയാ എടുത്ത കേസിൽ കക്ഷിചേരുകയാണ് ചെയ്തതെന്നും സി.പി.ഐ സംസ്ഥാനസെക്രട്ടറി കാനം രാജേന്ദ്രൻ പൈനാവിൽ പറഞ്ഞു. മൂന്നാറിനെ അറിയാത്തവരാണ് ഗ്രീൻ ട്രൈബ്യൂണലിൽ പരാതി നൽകിയതെന്ന എസ്. രാജേന്ദ്രൻ എം. എൽ. എയുടെ പരാമർശം മറുപടി അർഹിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

ഓഖി ദുരന്തം, പാക്കേജ് അപര്യാപ്തം: യു.ഡി.എഫ്

തിരുവനന്തപുരം:ഓഖി ദുരിതബാധിതർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാര പാക്കേജ് അപര്യാപ്തമാണെന്ന് യു.ഡി.എഫ് യോഗം വിലയിരുത്തി.

മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിലൊരാൾക്ക് സർക്കാർ ജോലി നൽകണമെന്നും ധനസഹായം വർദ്ധിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ദുരന്തം നേരിടുന്നതിൽ പരാജയപ്പെട്ട സർക്കാരിന് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയാനാവില്ലെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല മാദ്ധ്യമങ്ങളോട് പറഞ്ഞു.

ചുഴലിക്കാറ്റ് കേരള തീരത്ത് നാശം വിതച്ചശേഷമാണ് സംസ്ഥാന സർക്കാർ വിവരമറിയുന്നത്. ദുരന്തശേഷം പ്രത്യേക മന്ത്രിസഭായോഗം ചേരുകയോ, ദുരിതപ്രദേശത്ത് കൺട്രോൾ റൂം തുറക്കുകയോ, ക്രൈസിസ് മാനേജ്മെന്റ് ടീമിന് രൂപം നൽകുകയോ ചെയ്തില്ല. മരിച്ചവരുടെയോ കാണാതായവരുടെയോ കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. സി.പി.എം-സി.പി.ഐ തർക്കവും ദുരിതാശ്വാസ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു. ദുരന്തമുഖത്തെത്തിയ മന്ത്രിമാരായ കടകംപള്ളി സുരേന്ദ്രനും മേഴ്സിക്കുട്ടിഅമ്മയും ജനങ്ങളെ സാന്ത്വനിപ്പിക്കുന്നതിന് പകരം പ്രകോപിപ്പിച്ചു.

സുനാമി ദുരന്തകാലത്ത് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടി ജനങ്ങൾക്കൊപ്പം നിന്നാണ് രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ജനരോഷം കാരണം ഒരു മുഖ്യമന്ത്രിക്കും പിണറായിയെപ്പോലെ ഓടിപ്പോകേണ്ടി വന്നിട്ടില്ല.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും മത്സ്യഫെഡിൽ നിന്നും ലഭിക്കുന്ന തുകകൾക്ക് പുറമേ 25 ലക്ഷം രൂപയെങ്കിലും നഷ്ടപരിഹാരം നൽകണമെന്നും ചെന്നിത്തല പറഞ്ഞു. കൺവീനർ പി.പി. തങ്കച്ചനും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

ഓഖി, നരേന്ദ്ര മോദി കേരളവുമായി ബന്ധപ്പെടാത്തത് വിവേചനം: മുഖ്യമന്ത്രി

കുത്തുപറമ്പ് (കണ്ണൂർ): ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി തമിഴ്നാട് മുഖ്യമന്ത്രിയെ ഫോണിൽ ബന്ധപ്പെട്ടിരുന്നുവെന്നും ,എന്നാൽ അത്തരമൊരു അന്വേഷണം കേരളത്തിന്റെ കാര്യത്തിലുണ്ടായില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കേന്ദ്ര സർക്കാർ കേരളത്തിലെ ഇടതുമുന്നണി സർക്കാരിനോടു കാണിക്കുന്ന വിവേചനം ഇതിൽ നിന്ന പ്രകടമാണെന്നും സി.പി.എം പിണറായി ഏരിയാ സമ്മേളനത്തിനു സമാപനം കുറിച്ച് കിണവക്കലിൽ സംഘടിപ്പിച്ച പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു മുഖ്യമന്ത്രി പറഞ്ഞു. മാദ്ധ്യമങ്ങളിൽ ഒരു വിഭാഗം എൽ.ഡി.എഫ് സർക്കാരിനെതിരെ പച്ചക്കള്ളം പ്രചരിപ്പിക്കുന്നു. രണ്ടു ബുള്ളറ്റ് പ്രൂഫ് കാറുകൾ മുഖ്യമന്ത്രിക്കു വേണ്ടി വാങ്ങുന്നുവെന്നതാണ് പുതിയ വ്യാജ വാർത്ത. കേരളത്തിലെത്തുന്ന വി.വി.ഐ.പികളുടെ സുരക്ഷ പരിഗണിച്ചാണ് ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ വാങ്ങുന്നത്. മുഖ്യമന്ത്രിയല്ലാതിരുന്നപ്പോഴും എനിക്കു നേരെ സുരക്ഷാ ഭീഷണിയുണ്ടായിട്ടുണ്ട്. അന്നൊന്നും വേണ്ടാത്ത സുരക്ഷ ഇപ്പോഴും ആവശ്യമില്ല- പിണറായി പറഞ്ഞു.

ഇരുപത് വർഷം കൊഴിയുമ്പോഴും പ്രണയം വളർന്നു, അവർ ഒന്നിച്ചു

സ്വന്തം ലേഖിക

തിരുവനന്തപുരം: ജാതിയുടെ വേലിക്കെട്ടുകളിൽ ഇരുപത്തൊന്ന് വർഷം നീണ്ട കാത്തിരിപ്പ് ജീവിതത്തെ പ്രണയ ഹാരമണിയിച്ച ദിനമായിരുന്നു ഇന്നലെ അവർക്ക്. എസ്. രാമദാസൻ പോറ്റിയും വി. ആർ. രജനിയും ഇന്നലെ ബന്ധുക്കളുടെയും സഹപ്രവർത്തകരുടെയും അനുഗ്രഹങ്ങൾ ഏറ്റുവാങ്ങി വിവാഹിതരായി.

നിയമസഭാ സെക്രട്ടേറിയറ്റിലെ അണ്ടർസെക്രട്ടറിമാരാണ് ഇരുവരും. രാമദാസന് ഇപ്പോൾ 50 വയസ്. രജനിക്ക് 44 ആയി.

ഇരുപത് വർഷം മുൻപ് രാമദാസൻ പോറ്റിക്ക് അച്ഛനെ നഷ്ടപ്പെട്ടു. പിന്നെയെല്ലാം അമ്മയായിരുന്നു. മൂന്ന് വർഷം മുൻപ് അമ്മയും വിടവാങ്ങി. ഈ കാലത്ത് ഒറ്റപ്പെട്ടെന്ന് തോന്നിയപ്പോഴൊന്നും രജനിയെ മറന്ന് മറ്റൊരു വിവാഹത്തിന് അദ്ദേഹം തയ്യാറായില്ല. രജനി മാത്രമായിരുന്നു മനസിൽ. വർഷങ്ങൾ കൊഴിഞ്ഞു പോകുമ്പോഴും രജനിയോടുള്ള പ്രണയം കൂടിക്കൊണ്ടേയിരുന്നു. രജനിക്ക്തിരിച്ചും.

പ്രണയത്തിന്റെ കരുത്ത് ഒടുവിൽ പ്രതിബന്ധങ്ങളുടെ കാർക്കശ്യങ്ങളെ ഉരുക്കി! സഹോദരൻ ഇനിയും ഏകനായി തുടരാതിരിക്കാൻ രജനിയുമായുള്ള വിവാഹത്തിന് സഹോദരങ്ങൾ തന്നെ മുൻകൈയെടുത്തു.

ഇരുപത് വർഷം മുൻപ്, 1996 ജൂലായിൽ ആണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ഇരുവരും ഒരുമിച്ച് ജോലിയിൽ പ്രവേശിച്ചത്. അന്നേ പ്രണയത്തിലുമായി. വീട്ടുകാർ തടസം നിന്നെങ്കിലും ആരെയും ധിക്കരിച്ച് ഒരുമിക്കാൻ അവരൊരുങ്ങിയില്ല. പകരം കാത്തിരുന്നു, ഒരിക്കൽ ഒരുമിക്കാമെന്ന പ്രതീക്ഷയോടെ.

മനസിൽ പ്രണയം തുളുമ്പുമ്പോഴും ഓഫീസിലും പുറത്തും പെരുമാറ്റത്തിൽ കുലീനത കാത്തു സൂക്ഷിച്ച അവർ സഹപ്രവർത്തകർക്കും പ്രീയപ്പെട്ടവരായി. പടിഞ്ഞാറേക്കോട്ട ശ്രീപദ്മം ഓഡിറ്റോറിയത്തിലെ വിവാഹവേദിയിലേക്ക് തീമഞ്ഞ നിറത്തിലുള്ള പട്ടുസാരിയും ആഭരണങ്ങളും പിച്ചിപ്പൂവും അണിഞ്ഞ് രജനിയും ക്രീംകളർ ഷർട്ടും മുണ്ടുമണിഞ്ഞ് രാമദാസൻ പോറ്റിയും എത്തിയപ്പോൾ അവരുടെ നിശബ്ദ പ്രണയത്തിന് പിന്തുണയുമായി ഇക്കാലമത്രയും കാത്തിരുന്നവർ ആഹ്ലാദിച്ചു. ഹൃദയം തുളുമ്പുന്ന ചിരിയുമായി വധൂവരന്മാർ എല്ലാവരെയും വരവേറ്റു.

കടയ്ക്കൽ കുമ്മിൾ പുത്തൻമഠത്തിൽ പരേതരായ എൻ. ശങ്കരൻ പോറ്റിയുടേയും ഭാഗീരഥി അമ്മാളിന്റെയും മകനാണ് രാമദാസൻ പോറ്റി. സഹോദരങ്ങൾ അഞ്ച് പേരും കുടുംബ ജീവിതം നയിക്കുന്നു. പത്തനംതിട്ട ചിറ്റാർ സ്വദേശിനിയാണ് രജനി. വി. രാമന്റെയും രത്നമ്മാളുടെയും മകൾ. രണ്ട് പതിറ്റാണ്ട് പ്രണയത്തിൽ ഉറച്ച്നിന്ന മകളെ രാമദാസൻ പോറ്റിയെ ഏൽപ്പിച്ച നിമിഷം ആ അച്ഛന് നിർവൃതിയുടേതായിരുന്നു.

സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഡെപ്യൂട്ടി സ്പീക്കർ വി.ശശി, നിയമസഭാ സെക്രട്ടറി വി.കെ. ബാബുപ്രകാശ് എന്നിവർ വധൂവരന്മാർക്ക് ആശംസകളുമായി എത്തിയിരുന്നു.

രാമദാസൻ പോറ്റിക്കും രജനിയ്ക്കും ആശംസകളുമായി സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ എത്തിയപ്പോൾ ഫോട്ടോ : ജിതേഷ് ദാമോദർ

കരുനാഗപ്പള്ളി എസ്.എൻ.ഡി.പി യൂണിയന്റെ നേതൃത്വത്തിൽ
ഭരണഘടനാവിരുദ്ധമായി സാമ്പത്തിക സംവരണം
നടപ്പിലാക്കാൻ ശ്രമിക്കുന്ന കേരള സർക്കാർ നടപടിക്കെതിരെ
പ്രതിഷേധറാലി
2017 ഡിസംബർ 07 വ്യാഴാഴ്ച

സാമ്പത്തിക സംവരണം നടപ്പാക്കാനുള്ള സർക്കാർ ശ്രമത്തിനെതിരെ എസ്.എൻ.ഡി.പി യോഗം കരുനാഗപ്പള്ളി യൂണിയൻ സംഘടിപ്പിച്ച റാലി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ നയിക്കുന്നു. യൂണിയൻ പ്രസിഡന്റ് കെ.സുശീലൻ, സെക്രട്ടറി എ.സോമരാജൻ തുടങ്ങിയവർ സമീപം

സാമ്പത്തികസംവരണം കൊലച്ചതി: വെള്ളാപ്പള്ളി

കൊല്ലം: ദേവസ്വം ബോർഡിൽ സാമ്പത്തിക സംവരണം നടപ്പാക്കാനുള്ള സർക്കാർ നീക്കം ജനങ്ങളോടുള്ള കൊലച്ചതിയാണെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു.

സാമ്പത്തിക സംവരണത്തിനെതിരെ യോഗം കരുനാഗപ്പള്ളി യൂണിയൻ സംഘടിപ്പിച്ച പ്രതിഷേധ റാലിയും സമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാമ്പത്തിക സംവരണത്തിലൂടെ , നവോത്ഥാന നായകർ ഉടച്ചെറിഞ്ഞ ചാതുർവർണ്യം പുനഃസ്ഥാപിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. 12 ശതമാനക്കാരന്റെ വോട്ടിനേ സർക്കാർ വില കൽപ്പിക്കുന്നുള്ളൂ. സാമുദായിക സംവരണമാണ് ഭരണഘടന അനുശാസിക്കുന്നത്. സാമ്പത്തിക സംവരണം ഭരണഘടനാ വിരുദ്ധമാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്കക്കാരുടെ ക്ഷേമ പ്രവർത്തനത്തിനായാണ് മുന്നാക്ക വികസന കോർപറേഷനുള്ളത്. ജനസംഖ്യയിൽ 28 ശതമാനമുള്ള ഈഴവസമുദായത്തിൽ നിന്ന് 3.2 ശതമാനം പേർ മാത്രമേ ദേവസ്വം ബോർഡിൽ ജീവനക്കാരായുള്ളൂ. 96 ശതമാനവും മുന്നാക്ക സമുദായക്കാരാണ്. സർക്കാർ സർവീസിലെ മുസ്ലിം, ക്രിസ്ത്യൻ പ്രാതിനിദ്ധ്യം ഉറപ്പാക്കാൻ സർക്കാർ നേരത്തേ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്. ദേവസ്വം ബോർഡിലെ പിന്നാക്കക്കാരുടെ കുറവ് പരിഹരിക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുകയാണ് സർക്കാർ ചെയ്യേണ്ടത്. അതിനുപകരം സാമ്പത്തിക സംവരണം ഏർപ്പെടുത്തിയാൽ സ്ഥിതി കൂടുതൽ വഷളാകും.

കേരള സർവകലാശാലയിൽ സംവരണം പാലിച്ച് അദ്ധ്യാപക നിയമനം നടത്തിയ വി.സിയെ പൂട്ടിയിട്ട് ക്രൂശിച്ചതിലൂടെ അധികാര കേന്ദ്രങ്ങളുടെ പിന്നാക്ക വിരുദ്ധ നിലപാട് കൂടുതൽ വ്യക്തമാവുകയാണെന്നും വെള്ളാപ്പള്ളി പറഞ്ഞു.